(സി) പ്രസ്തുത പദ്ധതിക്കായി പ്രത്യേകിച്ച് തുകയൊന്നും നീക്കി വച്ചിരുന്നില്ല. 52 ടൂറിസം കേന്ദ്രങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു. വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

(ഡി) എറണാകുളം ജില്ല.

(ഇ) ഡെസ്റ്റിനേഷൻ കേരളാ സ്കീം പ്രഖ്യാപിക്കുന്ന അവസരത്തിൽ ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാന്യപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിന് മുന്തിയ പരിഗണന നൽകി ടൂറിസം വികസിപ്പിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതനുസരിച്ച് പിന്നീട് കൂടുതൽ സെന്ററുകളെ ഈ സ്കീം പ്രകാരം ഉൾപ്പെടുത്തുകയും, ഇവിടങ്ങളിലെല്ലാം ടൂറിസം വികസന പദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗണന നൽകി വരികയും ചെയ്യുന്നു.

അഡ്വഞ്ചർ ടൂറിസം

108 (1864) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമായ സ്ഥലങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിവർഷം എത്ര തുക വീതം അഡ്വഞ്ചർ ടൂറിസത്തിനായി വിനിയോഗിച്ചു ; എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചു ; വിശദാംശങ്ങൾ നൽകുമോ ;

(സി) ടൂറിസം മേഖല ആകർഷകമാക്കാൻ അഡ്വഞ്ചർ ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഹൈ ആൾട്ടിറ്റ്യൂഡ് ട്രക്കിംഗിനായി വിവിധ വന പ്രദേശങ്ങളും റിവർ കയാക്കിംഗിനായി തട്ടേക്കാടിനടുത്ത് പെരിയാർ നദിയും വൈറ്റ് വാട്ടർ റാഫ്റ്റിംഗിനായി ഭൂതത്താൻകെട്ടും പാരാ ഗ്ലൈഡിംഗിനായി വാഗമണ്ണും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ അനുയോജ്യമായ മറ്റു സ്ഥലങ്ങൾ കണ്ടെത്താൻ കഴിയുകയുള്ളൂ. മേല്പറഞ്ഞവയിൽ വാഗമണ്ണിൽ കൊച്ചി ആസ്ഥാനമായി ASSTA എന്ന സ്ഥാപനവുമായി സഹകരിച്ച് അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ നടത്തിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഡ്വഞ്ചർ ടൂറിസത്തിനായി വിനിയോഗിച്ച തുക

വർഷം	തുക
2006-07	1,00,000
2007-08	1,00,000
2008-09	15,90,000
2009-10	10,02,000
2010-11	3,00,000

അഡ്വഞ്ചർ ടൂറിസം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും വാഗമണ്ണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ നടത്തുകയും പാരാ ഗ്ലൈഡർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ നാഷണൽ അഡ്വഞ്ചർ ഫൗണ്ടേഷന് പാട്ടത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേകമായൊരു സൊസൈറ്റിക്ക് രൂപം നൽകിവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

ടൂറിസം മേഖലയിൽ കൂടുതൽ കേന്ദ്രസഹായം നേടിയെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

109 (1865) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. സി. മൊയ്തീൻ :
ഡോ. കെ. ടി. ജലീൽ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ എത്ര കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചത് ; എത്ര കോടി രൂപയുടെ പദ്ധതികൾ നേടിയെടുക്കാൻ കഴിഞ്ഞു എന്നു വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാർ അനുവദിച്ച പ്രധാന പദ്ധതികൾ ഏതെല്ലാമാണ് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മേഖലയിൽ എത്ര കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടായിട്ടുണ്ട് ;

(ഇ) ടൂറിസം രംഗത്ത് സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നിക്ഷേപ സൗഹൃദ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly